

# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്

ആറ്റുകാൽ തിരുവനന്തപുരം
***സ്ത്രീകളുടെശബരിമല***
ഫോൺ: ആഫീസ് : 0471 2463130, ക്ഷേത്രം: 2456456
Website www.attukal.org. Email attukal@vsnl.com

## സമ്മതപത്രം

**(കുത്തിയോട്ട വ്രതക്കാർ പാലിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് ട്രസ്റ്റ് സെക്രട്ടറി മുമ്പാകെ രക്ഷാകർത്താവ് സമർപ്പിക്കുന്നത്)**

### വ്യവസ്ഥകൾ

1. കുത്തിയോട്ടത്തിന് പേര് രജിസ്റ്റർ ചെയ്യുന്ന ആൺകുട്ടികളെ ക്രമനമ്പർ അനുസരിച്ച് **7** പേരടങ്ങുന്ന ഓരോ ഗ്രൂപ്പുകളായി തരം തിരിക്കുന്നതാണ്.
2. **14/02/2019** ന് **6** വയസ്സ് പൂർത്തിയാക്കിവരും എന്നാൽ അതേ ദിവസം **12** വയസ്സ് കഴിയാത്തവരുമായ ആൺകുട്ടികളെ മാത്രമേ കുത്തിയോട്ട വ്രതത്തിന് രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുകയുള്ളൂ.
3. കുത്തിയോട്ട രജിസ്ട്രേഷൻ **17/08/2018** വെള്ളിയാഴ്ച ട്രസ്റ്റ് ഓഫീസിലെ കൗണ്ടർ വഴിയും, ഓൺലൈനായി ട്രസ്റ്റ് Website www.attukal.org ൽ കൂടിയും രാവിലെ **8** മണിയ്ക്ക് ആരംഭിക്കുന്നതും **09/02/2019** ശനിയാഴ്ച രാത്രി **8** മണിയ്ക്ക് കൗണ്ടർ വഴിയുള്ള രജിസ്ട്രേഷൻ അവസാനിക്കുന്നതും, **10/02/2019** ഞായറാഴ്ച വൈകുന്നേരം **5** മണിവരെ ഓൺലൈൻ രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതുമാണ്.
4. കുത്തിയോട്ടം നിർത്തുന്നതും ചമയിക്കുന്നതും ചൂരൽകുത്തുന്നതും, ദേവിക്ക് അകമ്പടി സേവിക്കുന്നതും ചൂരൽ ഇളക്കുന്നതും ബുക്ക് ചെയ്യുന്ന ക്രമനമ്പർ അനുസരിച്ചായിരിക്കും.
5. കുത്തിയോട്ടത്തിനു വേണ്ടതായ ചമയം, വസ്ത്രം, പുഷ്പം, കലാപരിപാടികൾ, മേളം എന്നിവ ക്ഷേത്രം ട്രസ്റ്റിൽ നിന്നും സജ്ജമാക്കുന്നുണ്ട്. സ്വന്തമായി മേളങ്ങൾ കൊണ്ടുവന്ന് കുത്തിയോട്ടത്തിനു അകമ്പടി സേവിക്കുവാൻ ആരേയും അനുവദിക്കുന്നതല്ല.
6. കുത്തിയോട്ടത്തിന്റെ ചമയം, വസ്ത്രം, മേളം, മാറ്റ്, മിനുക്ക്, ഭക്ഷണം തുടങ്ങിയ ചെലവുകൾക്കായി **7500/-** രൂപ (ഏഴായിരത്തിഅഞ്ഞൂറുരൂപാ മാത്രം) (ഡെബിറ്റ്/ക്രഡിറ്റ് കാർഡ് ചാർജ്ജ് ഒഴികെ) അടച്ച് പേര് രജിസ്റ്റർചെയ്യേണ്ടതാണ്. കൂടാതെ കുത്തിയോട്ട വ്രതാരംഭ ദിവസം അതായത് **14/02/2019** ൽ പള്ളിപ്പലകയിൽവയ്ക്കുവാനുള്ള **7** രൂപയും (**7 ഒറ്റ രൂപാ നാണയം**) ധരിക്കുന്നതിനുള്ള ഒരു തോർത്തുമായി കുട്ടിയെ കൊണ്ടുവരേണ്ടതാണ്.. (**കുത്തിയോട്ട വ്രതാരംഭം രാവിലെ 8.45ന്**)
7. കുത്തിയോട്ടവ്രതം നിർത്തുന്ന ദിവസങ്ങളിൽ (**14/02/2019** മുതൽ **20/02/2019** ചൂരൽ കുത്തുന്നത് വരെ) യാതൊരു വിധമായ ഭക്ഷണ സാധനങ്ങളും പുറത്തു നിന്ന് കൊണ്ടുവന്ന് കുട്ടികൾക്ക് നേരിട്ട് കൊടുക്കുവാൻ ആരെയും അനുവദിക്കുന്നതല്ല.
8. പൊങ്കാലദിവസം (20/02/2019) ഗ്രൂപ്പുകളായി തിരിച്ചിട്ടുള്ള മുറയ്ക്ക് കുത്തിയോട്ട കുട്ടികളെ ചമയിച്ചിറക്കുന്നതും അതാത് ഗ്രൂപ്പുകൾക്ക് അനുവദിച്ചിട്ടുള്ള മേളം, വിശറി, കസേര എന്നിവ സഹിതം രക്ഷാകർത്താക്കളെ ഏൽപ്പിക്കുന്നതും അവർ കുട്ടികളെ ക്ഷേത്ര സന്നിധിയിൽ കൊണ്ടുവന്ന് ചൂരൽകുത്തി അവരവരുടെ ഉത്തരവാദിത്വത്തിൽ ക്രമംതെറ്റാതെ എഴുന്നെള്ളിപ്പിൽ അകമ്പടി സേവിപ്പിക്കേണ്ടതും മണക്കാട് ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിലെത്തി പൂർവ്വാചാരപ്രകാരമുള്ള ചടങ്ങുകൾക്ക് ശേഷം 21/02/2019 ൽ തിരിച്ച് ദേവീസന്നിധിയിൽ വന്ന് ആരാധന നടത്തി ചൂരൽ ഇളക്കിയ ശേഷം കുട്ടികളെ കൂട്ടിക്കൊണ്ടു പോകേണ്ടതുമാണ്.
9. കുത്തിയോട്ട ഘോഷയാത്ര അടുക്കും ചിട്ടയുമായി നടക്കുന്നതിന് നറുക്കെടുപ്പിലൂടെ കലാപരിപാടികൾ, മേളം എന്നിവ നിശ്ചയിക്കുന്നതാണ്.
10. കുട്ടികളെ ചമയിക്കുന്ന സ്ഥലത്ത് ആരെയും പ്രവേശിപ്പിക്കുന്നതല്ല. ഓരോ ഗ്രൂപ്പിലുള്ള കുട്ടികളുടെ രക്ഷാകർത്താക്കൾക്ക് കുട്ടി ഒന്നിന് രണ്ട് പാസ്സ് എന്ന ക്രമത്തിൽ ഓഫീസിൽ നിന്നും നൽകുന്നതാണ്. ഈ പാസ്സ് 7-ാം ഉത്സവദിവസമായ 18/02/2019 ൽ കുത്തിയോട്ട കമ്മറ്റി കൺവീനറുടെ പക്കൽനിന്നും വാങ്ങേണ്ടതാണ്.
11. കുട്ടികൾ അണിഞ്ഞിരിക്കുന്ന വസ്ത്രങ്ങൾ, വിഗ്, കിരീടം തുടങ്ങിയവ അവരവർക്കുതന്നെ കൊണ്ടു പോകാവുന്നതാണ്. എന്നാൽ ക്ഷേത്രത്തിൽ നിന്നും നൽകിയിട്ടുള്ള കിണ്ടി ചമയിക്കുന്നതിന് മുമ്പും, കസേരകൾ ചൂരൽ ഇളക്കുന്നതിനുമുമ്പും ക്ഷേത്രത്തിൽ തിരികെ ഏല്പിക്കേണ്ടതാണ്.
12. ചൂരൽ ഇളക്കുന്ന സമയത്ത് കെട്ടുവാനുള്ള തോർത്തും, വെറ്റിലയും ക്ഷേത്രത്തിൽ നിന്നും നൽകുന്നതാണ്.
13. എഴുന്നെള്ളത്തിന്റെയും ഘോഷയാത്രയുടെയും സുഗമമായ പ്രവർത്തനത്തിനു വേണ്ടി ക്ഷേത്ര ഭാരവാഹികളും, പോലീസ് ഉദ്യോഗസ്ഥരും, യഥാസമയം നല്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.
14. കുട്ടികൾക്ക് എന്തെങ്കിലും മരുന്ന് കൊടുത്തുകൊണ്ടിരിക്കുകയാണെങ്കിൽ ആ വിവരം ചികിത്സ നടത്തുന്ന ഡോക്ടറിൽ നിന്നും എഴുതി വാങ്ങിക്കൊണ്ടുവരേണ്ടതും മരുന്നുകൾ കുത്തിയോട്ട കമ്മിറ്റി കൺവീനറെ ഏല്പിക്കേണ്ടതുമാണ്.
15. കുത്തിയോട്ടം ട്രസ്റ്റ് ഓഫീസിൽ രജിസ്ട്രേഷൻ ചെയ്യുന്ന സമയത്ത് കുട്ടിയുടെ രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും , സ്കൂൾ ഐ.ഡി.കാർഡിന്റെ കോപ്പി, ജനനസർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവയുടെ പകർപ്പ് (വയസ്സ് തെളിയിക്കുന്നതിനായി) നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. ഓൺലൈനായി കുത്തിയോട്ടം ബുക്ക് ചെയ്യുന്നവർ കുട്ടിയുടെ പാസ്സ്പോർട്ട് സൈസ് ഫോട്ടോയും സ്കൂൾ ഐ.ഡി.കാർഡ് / ബർത്ത് സർട്ടിഫിക്കറ്റ് / ആധാർ കാർഡ് ഇവയിൽ ഏതെങ്കിലും ഒന്ന് (വയസ്സ് തെളിയിക്കുന്നതിനായി) സ്കാൻ ചെയ്ത് അപ് ലോഡ് ചെയ്യേണ്ടതാണ്.
16. ഒന്നിൽ കൂടുതൽ കുട്ടികളുടെ രജിസ്ട്രേഷൻ ചെയ്യുന്നവർ ഒരേ ഗ്രൂപ്പിൽ വരാൻ ആഗ്രഹിക്കുന്നുവെങ്കിൽ (പരമാവധി 7 പേര്) ഗ്രൂപ്പ് ബുക്കിംഗ് സംവിധാനമുപയോഗിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. അതിനുശേഷം ഗ്രൂപ്പ് അല്ലാതെ രജിസ്റ്റർ ചെയ്യുന്നവരെ അതിനു മുമ്പുള്ള ഗ്രൂപ്പുകളിൽ ഒഴിവുണ്ടെങ്കിൽ അതിലേയ്ക്ക് പരിഗണിക്കുന്നതാണ്. ഇത് പൂർണ്ണമായും കമ്പ്യൂട്ടർ സംവിധാനമുപയോഗിച്ച് ചെയ്യുന്നതാകയാൽ പിന്നീട് ആവശ്യപ്പെട്ടാൽ പരിഗണിക്കുവാൻ കഴിയില്ല.
17. കുത്തിയോട്ട വ്രതം നില്ക്കുന്ന ബാലൻമാർ ആറ്റുകാൽ ക്ഷേത്രാചാരപ്രകാരമുള്ള ആരാധനാ ക്രമങ്ങളും, ദിനചര്യകളും, ആഹാരരീതികളും പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും സംശയം ഉള്ള പക്ഷം രജിസ്റ്റർ ചെയ്യുന്നതിനു മുമ്പ് ട്രസ്റ്റ് ഓഫീസുമായി ബന്ധപ്പെട്ട് സംശയനിവൃത്തി വരുത്തേണ്ടതാണ്.
18. മണക്കാട് ശാസ്താക്ഷേത്രത്തിൽ എത്തിയശേഷം കുട്ടികൾക്ക് ഇരുന്ന് വിശ്രമിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുള്ള സ്ഥലങ്ങൾ ഉപയോഗിക്കാനും തിരക്കുണ്ടാക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. ചൂരൽ ഇളക്കുന്നത് ക്രമനമ്പർ അനുസരിച്ചായതുകൊണ്ടു ആദ്യം തിരിച്ചെത്തുന്നതിനായി ശ്രമിച്ച് തിരക്കുണ്ടാക്കേണ്ടതില്ല.
19. മേൽപ്പറഞ്ഞ നിബന്ധനകളിൽ ആവശ്യമെന്നുകണ്ടാൽ യുക്തമായഭേദഗതികൾ വരുത്തുന്നതിനോ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനോ ട്രസ്റ്റിന് അധികാരമുണ്ടായിരിക്കും.

**മേൽപ്പറഞ്ഞ വ്യവസ്ഥകൾവായിച്ച് ബോദ്ധ്യം വന്നിട്ടുണ്ടെന്നും ആയവ അംഗീകരിച്ച് പൂർണ്ണമായും സ്വമനസ്സാലെയാണ് കുട്ടിയെ കുത്തിയോട്ട വ്രതം നിർത്തുന്നതെന്നും അറിയിച്ചുകൊള്ളുന്നു, മേൽപ്പറഞ്ഞ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ച് പ്രവർത്തിച്ചുകൊള്ളാമെന്നും ഇതിനാൽ സമ്മതിക്കുന്നു.**

**രക്ഷാകർത്താവിന്റെ പേരും ഒപ്പും**

**പൂർണ്ണമേൽവിലാസം**

**ഫോൺ നമ്പർ : 1)** **2)**

**തീയതി:**